## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T5644 — 27.10.2011 ലെ മറുപടിക്ക്

**പരിയാരം മെഡിക്കൽ കോളേജ് - മികവിന്റെ കേന്ദ്രം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) ഉത്തരമലബാറിലെ ഏക മെഡിക്കൽ കോളേജായ പരിയാരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആശുപത്രി സമുച്ചയം എന്ന ലക്ഷ്യത്തോടെ പരിയാരം മെഡിക്കൽ കോളേജ് പ്രവർത്തിച്ചു വരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും അതിനോടനുബന്ധിച്ചുള്ള ഒരു മെഡിക്കൽ കോളേജുമാണ് പ്രവർത്തിക്കുന്നത്. ടി ആശുപത്രിയിൽ 26 സൂപ്പർ സ്പെഷ്യലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ചികിത്സ നടത്തുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഉണ്ട്. ന്യൂറോ സർജറി, ന്യൂറോളജി, യൂറോളജി, നെഫ്രോളജി, പ്ലാസ്റ്റിക്ക് സർജറി, പീഡിയാട്രിക്ക് സർജറി, കാൻസർ രോഗ വിഭാഗം ഹൃദ്രോഗ വിഭാഗം തുടങ്ങിയ എല്ലാ പ്രധാന വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുറഞ്ഞ ചെലവിൽ ഡയാലിസിസ് ചെയ്യാനുള്ള സൗകര്യം കുറഞ്ഞ ചെലവിൽ ക്യാൻസർ ചികിത്സാ വിഭാഗം, അൾട്രാ സൗണ്ട് സ്കാൻ, കുറഞ്ഞ ചെലവിൽ ഹൃദയ ഓപ്പറേഷൻ തുടങ്ങിയവയൊക്കെ ഇവിടെ ലഭ്യമാണ്. മേൽ പറഞ്ഞ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഉള്ള ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്നതാണ്. |
| ബി) ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (തിരുവനന്തപുരം) മോഡലിൽ ഈ സ്ഥാപനത്തെ മാറ്റുന്ന കാര്യം പരിഗണിക്കുമോ ; | ബിയും | പരിശോധിക്കുന്നതാണ്. |
| സി) പ്രസ്തുത ആശുപത്രിയെ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മോഡലിൽ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആക്കിമാറ്റണമെന്ന വിദഗ്ധരുടെ അഭിപ്രായം പരിശോധിക്കുമോ? | സിയും | |

സെക്ഷൻ ഓഫീസർ